പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 317 — 21/06/2018 - ൽ മറുപടിക്ക്

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

ചോദ്യം

ശ്രീ. കെ.വി. വിജയദാസ്

ശ്രീ. ഒ.ആർ.കേളു

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. ആർ രാജേഷ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | പട്ടികജാതി- പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഈ വിഭാഗത്തിൽപെട്ടവർക്ക് വരുമാനവും ഉപജീവന മാർഗ്ഗവും പ്രദാനം ചെയ്യാനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ അനുവദിച്ചു വരുന്നു. (2,40,000/- രൂപ ഓഹരി -3,60,000/- രൂപ സബ് സിഡി)<br>2. ടി സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചു വരുന്നു.<br>3. സർക്കാർ ഓഹരി മൂലധനമായി പരമാവധി 4 ലക്ഷംരൂപ (ഓഹരിയിനത്തിൽ) അനുവദിച്ചു വരുന്നു<br>4. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി രണ്ട് ലക്ഷം രൂപ (സബ് സിഡിയിനത്തിൽ) അനുവദിച്ചു വരുന്നു.<br>5. സംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ് സിഡിയായി ഒരു സംഘത്തിന് പ്രതിമാസം 5000/- രൂപ നിരക്കിൽ ആദ്യത്തെ രണ്ട് വർഷവും, പ്രതിമാസം 3000/- രൂപ നിരക്കിൽ അടുത്ത രണ്ടു വർഷവും പ്രതിമാസം 1000/- രൂപ നിരക്കിൽ അഞ്ച് വർഷവും മാനേജീരിയൽ സബ്സിഡിയും അനുവദിച്ചു വരുന്നു.<br>6. എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിനും പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000/- രൂപ, സബ്സിഡി 3,50,000/- രൂപ) അനുവദിച്ചു വരുന്നുണ്ട്.<br>7. സംഘാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ അനുവദിച്ചു വരുന്നുണ്ട്.<br>ഇതിനു പുറമെ സംഘങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ സർക്കാരിന്റെ അനുമതിയോടു കൂടിയുള്ള ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.<br><br>കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ ത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുരോഗതിയ്ക്ക് വേണ്ടി രൂപീകരിക്കപ്പെട്ട പുതിയ പദ്ധതിയാണ് 'പുനർജ്ജനി'. ടി പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | ഇതിനായുള്ള പുതിയ പദ്ധതികൾ ക്കായി പട്ടികജാതി-പട്ടിക വർഗ്ഗ സഹക രണ സംഘങ്ങൾക്ക് ഓഹരി മൂലധനസ ഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) | പുതിയ പദ്ധതികൾക്കായി പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |
| സി) | വിവിധ പരിശീലന പരിപാടികൾ, ശിൽപശാലകൾ തുടങ്ങിയവ സംഘടിപ്പി ക്കുന്നതിനായി പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണ | സി) | എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് പരമാവധി 5 ലക്ഷം രൂപ (ഓഹരി 1,50,000/-രൂപ, സബ്സിഡി 3,50,000/-രൂപ) അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്; | | |
| ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | ഡി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ